TB Movie Club Weekly Review **#MovieClub**

GOOD BAD UGLY

കൊടിയേറ്റവും വെടിക്കെട്ടുമെല്ലാമുള്ള ഒരു പൂരം കണ്ടിറങ്ങിയ പ്രതീതിയാണ് അജിത് കുമാറിന്റെ ഏറ്റവും പുതിയ സിനിമയായ Good Bad Ugly കണ്ടിറങ്ങുമ്പോൾ അനുഭവപ്പെട്ടത്. ഒരു മാസ്സ് ആക്ഷൻ സിനിമയിൽ പ്രതീക്ഷിക്കുന്ന നായകന്റെ intro സീനും goosebumps moments ഉം ഒക്കെ അതിന്റ പാകത്തിൽ ചേർത്തിട്ടുള്ള ഒരു തനി മാസ്സ് മസാല ഫിലിം..

അജിത്തിന്റെ ഇന്നു വരെയുള്ള ഹിറ്റ് സിനിമകളുടെയൊക്കെ reference ചേർത്ത് കൊണ്ട് ഒരു fan boy സിനിമയാണ് Adhivik Ramachandran ഇത് ഒരുക്കിയിരിക്കുന്നത്. എടുത്തു പറയാൻ കഥയോ ലോജിക്കോ ഒന്നും ഇല്ലെങ്കിലും അജിത്തിന്റെ സ്ക്രീൻ പ്രസൻസ്സിനെ അതിന്റെ മാക്സിമത്തിൽ അവതരിപ്പിക്കാൻ സംവിധായകൻ ശ്രമിച്ചിട്ടുണ്ട്.

റെഡ് ഡ്രാഗൺ എന്ന ലോകത്തിലെ തന്നെ ഏറ്റവും പ്രബലമായ ഗാങ്സ്റ്റർ ഗ്രൂപ്പിന്റെ തലവൻ AK, പിറന്നു വീണ തന്റെ മകന് വേണ്ടി എല്ലാം ഉപേക്ഷിച്ചു നിയമത്തിനു മുൻപിൽ കീഴടങ്ങുന്നു.. എന്നാൽ വർഷങ്ങൾക്ക് ശേഷം ആ മകന്റെ ജീവന് തന്നെ ഭീഷണി ഉണ്ടാകുമ്പോൾ അദ്ദേഹത്തിന് തിരിച്ചു വരേണ്ടി വരുന്നു പഴയ AK ആയി.

ഏകദേശം 3-4 മിനിറ്റ് മാത്രമുള്ള ചെറിയ ഒരു റോളാണ് ഷൈൻ ടോമിന് ഉള്ളത്, AK യുടെ flash back പറയുന്ന ഈ മിനിട്ടുകൾ മുഴുവൻ തിയേറ്ററിൽ കയ്യടികൾ ആയിരുന്നു..

മാസ്സ് ആക്ഷൻ ജോണറിലുള്ള സിനിമകൾ ആസ്വദിക്കുന്നുവർക്ക് തീർച്ചയായും കണ്ടു നോക്കാവുന്ന ഒരു സിനിമ തന്നെയാണ് 'GOOD BAD UGLY